## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 27.04.2026**

### പ്രധാനവാർത്തകൾ

1. പശ്ചിമ ബംഗാളിലെ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിച്ചു. വോട്ടെടുപ്പ് ബുധനാഴ്ച.

2. അഞ്ച് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഷിംലയിലെത്തി.

3. ഇന്ത്യാ- ന്യൂസിലാൻറ് സ്വതന്ത്ര വ്യാപാര കരാർ ന്യൂഡൽഹിയിൽ ഒപ്പുവെച്ചു. കരാറിലൂടെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതികൾക്ക് 100 ശതമാനം നികുതി ഇളവ്.

4. സംസ്ഥാനത്ത് ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യത.

5. പാറമേക്കാവ്–തിരുവമ്പാടി ഭഗവതിമാർ ഉപചാരം ചൊല്ലി പിരിഞ്ഞതോടെ ഈ വർഷത്തെ തൃശൂർ പൂരത്തിന് സമാപനമായി.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

************************

RNU TVPM

## പശ്ചിമബംഗാൾ - പ്രചാരണം

പശ്ചിമ ബംഗാളിലെ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിച്ചു. ഇന്ന്, പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി നോർത്ത് 24 പർഗാനാസിലെ കാങ്കിനാരയിൽ ഒരു റാലിയെ അഭിസംബോധന ചെയ്തു. ബിജെപി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ഹൂഗ്ലി ജില്ലയിലെ ചന്ദൻ നഗറിൽ റോഡ് ഷോ നടത്തി. തൃണമൂൽ കോൺഗ്രസ് മേധാവി മമത ബാനർജി കൊൽക്കത്തയിൽ റോഡ് ഷോയ്ക്ക് നേതൃത്വം നൽകി. പാർട്ടി ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി ഹൂഗ്ലിയിലെ അരംബാഗിൽ റാലിയെ അഭിസംബോധന ചെയ്തു. ഏഴ് ജില്ലകളിലെ 142 മണ്ഡലങ്ങളിൽ ഈ മാസം 29 നാണ് വോട്ടെടുപ്പ്.

*************************

## പ്രസിഡൻറ് -ഷിംല

അഞ്ച് ദിവസത്തെ ഹിമാചൽ പ്രദേശ് സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഷിംലയിലെത്തി. വിമാനത്താവളത്തിൽ ഗവർണർ കവിന്ദർ ഗുപ്ത, മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് സുഖു എന്നിവർ ചേർന്ന് രാഷ്ട്രപതിയെ സ്വീകരിച്ചു. നാളെ, ഷിംലയിലെ ലോക് ഭവനിൽ ഗവർണർ ഒരുക്കുന്ന വിരുന്നിൽ പങ്കെടുക്കുന്ന ശ്രീമതി മുർമു മറ്റന്നാൾ അടൽ ടണൽ സന്ദർശിക്കും. ബോർഡർ റോഡ്സ് ഓർഗനൈസേഷൻ ഉദ്യോഗസ്ഥരുമായും സംവദിക്കും. പാലംപൂരിൽ ഹിമാചൽ പ്രദേശ് കൃഷി വിശ്വവിദ്യാലയത്തിന്റെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും.

*************************

## പ്രധാനമന്ത്രി നരേന്ദ്രമോദി ഗാങ്ടോക്

രണ്ടു ദിവസത്തെ സന്ദർശനത്തിനായി സിക്കിമിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഗാങ്ടോക്കിൽ മുഖ്യമന്ത്രി പ്രേം സിംഗ് തമാങ് ഗോലെയ്ക്കൊപ്പം റോഡ് ഷോയിൽ പങ്കെടുത്തു.

RNU TVPM

ഗഞ്ചു ദ്വാർ മുതൽ ലോക് ഭവൻ വരെയുള്ള പാതയിൽ പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ച് അണിനിരന്ന ആയിരക്കണക്കിനാളുകളെ പ്രധാനമന്ത്രി അഭിവാദ്യം ചെയ്തു. നാളെ പാൽജോർ സ്റ്റേഡിയത്തിൽ നടക്കുന്ന സിക്കിമിന്റെ അമ്പതാം സംസ്ഥാന രൂപീകരണ വാർഷികാഘോഷത്തിന്റെ സമാപന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. ചടങ്ങിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

************************

## ഇന്ത്യാ- ന്യൂസിലാന്റ് സ്വതന്ത്ര വ്യാപാര കരാർ

ഇന്ത്യാ- ന്യൂസിലാന്റ് സ്വതന്ത്ര വ്യാപാര കരാർ ന്യൂഡൽഹിയിൽ ഒപ്പുവെച്ചു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ, ന്യൂസിലൻഡ് വ്യാപാര നിക്ഷേപ മന്ത്രി ടോഡ് മക്ലേ എന്നിവരുടെ അധ്യക്ഷതയിലായിരുന്നു കരാർ ഒപ്പുവച്ചത്. കരാർ പ്രകാരം ഇന്ത്യയിൽ നിന്നുള്ള എല്ലാ കയറ്റുമതികൾക്കും 100 ശതമാനം നികുതി രഹിത പ്രവേശനം ലഭിക്കും. കരാറിന് കീഴിൽ ന്യൂസിലൻഡ് വാഗ്ദാനം ചെയ്തിട്ടുള്ള 20 ബില്യൺ ഡോളറിന്റെ ദീർഘകാല നിക്ഷേപം ഇന്ത്യയിലെ വ്യവസായ വളർച്ച, നൂതനാശയങ്ങൾ, അടിസ്ഥാന സൗകര്യം തൊഴിലവസരങ്ങൾ എന്നിവയ്ക്ക് കരുത്തേകും. ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തത്തിലെ നാഴികക്കല്ലായ നിമിഷമാണിതെന്ന് കരാർ ഒപ്പുവെച്ചതിനെ പ്രശംസിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

RNU TVPM

************************

## തൃശൂർപൂരം-സമാപനം(ഇൻട്രോ)

പാറമേക്കാവ്–തിരുവമ്പാടി ഭഗവതിമാർ നേർക്കുനേർ നിന്ന് ഉപചാരം ചൊല്ലി പിരിഞ്ഞതോടെ ഈ വർഷത്തെ തൃശൂർ പൂരത്തിന് ഔദ്യോഗിക സമാപനമായി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.
(വോയ്സ്)

************************

## നിയമസഭ

നിയമസഭാ ദിനമായ ഇന്ന് സ്പീക്കർ എ. എൻ. ഷംസീർ നിയമസഭാ സമുച്ചയത്തിലെ പ്രതിമകളിൽ പുഷ്പാർച്ചന നടത്തി. രാവിലെ വാച്ച് ആൻഡ് വാർഡിന്റെ ഗാർഡ് ഓഫ് ഓണർ അദ്ദേഹം സ്വീകരിച്ചു. നിയമസഭാ ദിനാഘോഷങ്ങളുടെ ഭാഗമായി മെയ് 3 വരെ പൊതുജനങ്ങൾക്ക് നിയമസഭാ മന്ദിരവും മ്യൂസിയവും സന്ദർശിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

************************

## ഗൃഹപ്രവേശ ചടങ്ങ്- വയനാട്

വയനാട് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്കായി മുസ്ലിം ലീഗ് നിർമ്മിച്ച വീടുകളിലെ ഗൃഹപ്രവേശ ചടങ്ങ് ഇന്ന് നടന്നു. ആദ്യഘട്ടത്തിൽ 1,060 ചതുരശ്രയടി വിസ്തീർണ്ണമുള്ള 51 വീടുകളാണ് പൂർത്തിയാക്കിയത്. ഇതോടനുബന്ധിച്ച് വൈകിട്ട് നടന്ന പരിപാടിയിൽ മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ സാദിഖ് അലി ശിഹാബ് തങ്ങൾ അടക്കമുള്ള നേതാക്കൾ പങ്കെടുത്തു. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് മഴയ്ക്ക് മുൻപ് വീടുകൾ കൈമാറുമെന്ന് സാദിഖ് അലി ശിഹാബ് തങ്ങൾ മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

************************

## താപനില (ഇൻട്രോ)

സംസ്ഥാനത്ത് ഉയർന്ന താപനില തുടരുകയാണ്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

************************

## വോട്ടെണ്ണൽ-കോഴിക്കോട്

മെയ് നാലിന് നടക്കുന്ന വോട്ടെണ്ണലിനുള്ള ഉദ്യോഗസ്ഥരുടെ ആദ്യഘട്ട റാൻഡമൈസേഷൻ കോഴിക്കോട് ജില്ലയിൽ പൂർത്തിയായി. 1,402 ഉദ്യോഗസ്ഥരെയാണ്

വോട്ടെണ്ണലിനായി തിരഞ്ഞെടുത്തത്. ഇവർക്കുള്ള പരിശീലനം ഏപ്രിൽ 29, 30, മെയ് മൂന്ന് തീയതികളിലായി നടക്കും.

*************************

## തദ്ദേശ തിരഞ്ഞെടുപ്പ് -അനുമോദനം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലും എസ്. ഐ. ആർ തയ്യാറാക്കുന്നതിലും മികച്ച പ്രകടനം കാഴ്ചവെച്ച ഉദ്യോഗസ്ഥരെ തിരുവനന്തപുരം കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ അനുമോദിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച അനുമോദന ചടങ്ങ് ജില്ലാ കളക്ടർ അനുകുമാരി ഉദ്ഘാടനം ചെയ്തു. ജീവനക്കാർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

*************************

## ആദരം

സിവിൽ സർവീസിൽ ഉന്നത വിജയം നേടിയ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് ആദരം നൽകി. അജയ് ആർ രാജ്, കാജൽ രാജു, ജസീല ജന്നത്ത്, ആതിര സുഗതൻ, മൊഹമ്മദ് ഷെസിൻ എന്നിവരെയാണ് ആദരിച്ചത്.

RNU TVPM

*************************

## ആറന്മുള-പാർക്ക് (ഇൻട്രോ)

ട്രാഫിക് നിയമങ്ങളിൽ വിദ്യാർഥികൾക്ക് അവബോധം നൽകാനായി ആറന്മുളയിൽ നിർമ്മിച്ച ട്രാഫിക് പാർക്ക് ഉപയോഗ ശൂന്യമായ നിലയിൽ. പാർക്ക് പൊതുജനങ്ങൾക്ക് തുറന്ന് നൽകണമെന്ന ആവശ്യവും ശക്തമാണ്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.
(വോയ്സ്)

*************************

## മുണ്ടത്തിക്കോട് -മരണം

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾകൂടി മരിച്ചു.

വടക്കാഞ്ചേരി കുണ്ടന്നൂർ സ്വദേശി രാഗേഷ് ആണ് മരിച്ചത്. ഇതോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി.

************************

## നെടുങ്കണ്ടം ഇരട്ടക്കൊലപാതകം

ഇടുക്കി നെടുങ്കണ്ടത്ത് വയോധികയായ അമ്മയെയും മകനെയും കൊലപ്പെടുത്തി വീടിന് സമീപം കുഴിച്ചിട്ട നിലയിൽ കണ്ടെത്തി. പൊന്നുട്ടയിൽ മേരിക്കുട്ടി, മകൻ റെജി എന്നിവരാണ് കൊല്ലപ്പെട്ടത്. ഇവരെ കാണാനില്ലെന്ന പരാതിയെ തുടർന്ന് നെടുങ്കണ്ടം പോലീസ് നടത്തിയ പരിശോധനയിലാണ് വീടിന് സമീപത്തെ കൃഷിയിടത്തിൽ അഴുകിയ നിലയിൽ മൃതദേഹങ്ങൾ കണ്ടെത്തിയത്. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ഇടുക്കി മെഡിക്കൽ കോളേജിലേക്ക് മാറ്റി.

************************

## പാമ്പ് കടിയേറ്റു

RJUTVPM

കാഞ്ഞങ്ങാട് വെസ്റ്റ് എളേരിക്കടുത്ത് നാലര വയസ്സുകാരിക്ക് പാമ്പിൻറെ കടിയേറ്റു. എളേരിത്തട്ട് കുറുവാട്ടെ ശരത് - അജിത ദമ്പതികളുടെ മകൾ ഋതു ചന്ദ്രയ്ക്കാണ് പാമ്പിൻറെ കടിയേറ്റത്. കുട്ടി കണ്ണൂർ പരിയാരം സർക്കാർ മെഡിക്കൽ കോളേജിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിൽസയിലാണ്.

************************

## പി ഐ ബി - ഫാക്ട് ചെക്ക് ലാപ്ടോ

സൗജന്യ ലാപ്ടോപ്പുകൾ വാഗ്ദാനം ചെയ്യുകൊണ്ട് സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന സന്ദേശങ്ങൾ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. കേന്ദ്ര സർക്കാർ ഇത്തരമൊരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ലെന്നും ഇത്തരം സന്ദേശങ്ങൾ തള്ളിക്കളയണമെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30 ന് ഡൽഹിയിലാണ് മത്സരം.

************************

## ISSF ഷൂട്ടിംഗ്

കെയ്റോയിൽ നടന്ന ISSF ഷൂട്ടിംഗ് ജൂനിയർ ലോകകപ്പിൽ 16 മെഡലുകളുമായി ഇന്ത്യ ഒന്നാമതെത്തി. അഞ്ച് സ്വർണ്ണവും ആറ് വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെയാണ് ഇന്ത്യ ഈ നേട്ടം കൈവരിച്ചത്.

************************

## ഹിന്ദി പ്രചാരസഭ

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ സഹകരണത്തോടെ കേരള ഹിന്ദി പ്രചാരസഭ നടത്തിവരുന്ന ഹിന്ദി ടൈപ്പ്റൈറ്റിംഗ്, ഹിന്ദി ഷോർട്ട് ഹാൻറ് എന്നീ കോഴ്സുകളുടെ പരീക്ഷകൾ മേയ് 29,30 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. അപേക്ഷകൾ മേയ് 10 നകം സഭാ കാര്യാലയത്തിൽ ലഭിക്കണം.

RNU TVPM

************************

## സി.എം.ഡി - പശ്ചിമേഷ്യ

തിരുവനന്തപുരം സെൻ്റർ ഫോർ മാനേജ്മന്റ് ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന സംഘർഷം സംബന്ധിച്ച് സംവാദം സംഘടിപ്പിക്കും. സി.എം.ഡി.യുടെ പ്രതിമാസ പ്രഭാഷണ പരമ്പരയുടെ ഭാഗമായി ഈ മാസം 29 ന് വൈകിട്ട് 5 മണിയ്ക്ക് തൈക്കാടുള്ള സി.എം.ഡി. സിൽവർ ജൂബിലി ഹാളിലാണ് പരിപാടി. ഓൺലൈനിലൂടെയോ നേരിട്ടോ രജിസ്റ്റർ ചെയ്ത് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

************************

******************

**********